# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 494
# 29.05.2019 ലെ മറുപടിക്ക്

## ആസ്തിവികസന ഫണ്ടിന്റെ ടെണ്ടർ സേവിംഗ്സ്

| | ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് ആയി എത്ര തുകയുണ്ടെന്ന് വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത സേവിംഗ്സ് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | 04/08/2018 ലെ സ.ഉ(പി)നമ്പർ 119/2018/ധന ഉത്തരവ് 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ